**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് - 2016 സബ് ജില്ല കലോത്സവം – പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3286/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 02/12/2016

---

പരാമർശം:- 1. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26/11/2016 ലെ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

2016-17 അധ്യയന വർഷത്തെ കൊല്ലങ്കോട് ഉപജില്ല കേരള സ്കൂൾ കലോത്സവം 2016 ഡിസംബർ മാസം 5, 6, 7, 8 തീയതികളിൽ യോഗിനി മാതാ സ്കൂളിൽ വെച്ച് നടക്കുന്നതായും ഈ കലോത്സവത്തിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്തു പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 ഡിസംബർ 5, 6, 7, 8 തീയതികളിൽ യോഗിനി മാതാ സ്കൂളിൽ വെച്ച് നടക്കുന്ന കൊല്ലങ്കോട് ഉപജില്ല സ്കൂൾ കലോത്സവത്തിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 10000/- രൂപ (പതിനായിരം രൂപ) സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തിന് കലോത്സവത്തിന്റെ സ്വാഗത സംഘം ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ്, കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ